LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കുകളിലെ മൂല്യനിർണയം

236(5395) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾക്ക് പരിഹാരം കാണുവാൻ മൂല്യനിർണയ ഓഫീസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ മൂല്യനിർണ്ണയ ആഫീസർമാരായി സേവനമനുഷ്ഠിച്ചുവരുന്നുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളിൽ സ്വർണ്ണ ഉരുപ്പടികൾ പണയം വയ്ക്കുമ്പോൾ ആയത് പരിശോധിക്കുന്നതിന് വിദഗ്ധമായ പരിശോധനാ രീതിയില്ലാത്തത് തട്ടിപ്പുകൾ കൂടുന്നതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

സ്വർണ്ണപ്പണ്ട പണയ വായ്പ അനുവദിക്കുമ്പോൾ ഈടായി സ്വീകരിക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ടി തൊഴിലിൽ പ്രാവീണ്യമുള്ള അപ്രൈസർമാരുടെ സേവനം ലഭ്യമാക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി മാത്രമേ ടി വായ്പയുമായി ബന്ധപ്പെട്ട ഉപനിബന്ധന അംഗീകരിച്ച് സ്വർണ്ണപ്പണയ വായ്പ നൽകുന്നതിന് സഹകരണവകുപ്പ് അനുമതി നൽകുകയുള്ളൂ. സംഘത്തിന് പുറത്തുള്ള അപ്രൈസർമാരുടെ സേവനം ഉപയോഗപ്പെടുത്തി വകുപ്പ് ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുന്നുണ്ട്. നിലവിൽ സംഘംതലത്തിൽ ഉള്ള അപ്രൈസർ അല്ലെങ്കിൽ പരിശീലനം ലഭിച്ച സംഘം സ്റ്റാഫ് സ്വർണ്ണപ്പണയ ഉരുപ്പടികളുടെ ഗുണനിലവാരം പരിശോധിക്കുകയും ഗോൾഡ് പ്യൂരിഫൈയിംഗ് മെഷീൻ ഉപയോഗിച്ചും മൂല്യനിർണ്ണയം നടത്തുന്നു. സഹകരണസംഘം രജിസ്ട്രാറുടെ 19-7-16-ലെ 22/2016, 16-2-2018-ലെ 13/2018 നമ്പർ സർക്കുലർ നിർദ്ദേശപ്രകാരം സംഘം ഭരണസമിതി അംഗങ്ങൾ ഉൾപ്പെടുന്ന സമിതിക്ക് ടി വിഷയത്തിൽ ഉത്തരവാദിത്തം നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്ട്രാറുടെ 13/18 സർക്കുലർ പ്രകാരം സ്വർണ്ണപ്പണയ വായ്പാ വിതരണം എല്ലാ സഹകരണ സംഘങ്ങളും ഓരോ മുന്നുമാസം കൂടുമ്പോഴും സംഘത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണ